684
9/3/12

10
8/3/12

# കേരള സർക്കാർ

സംഗ്രഹം

ഫിഷറീസ്-കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ കെ.എൽ-01-ഡി. 6055 നമ്പർ ജീപ്പ് മതിപ്പുവിലയായ 18000/- രൂപയ്ക്ക് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന് വിറ്റൊഴിവാക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

മത്സ്യ ബന്ധന തുറമുഖ (എ) വകുപ്പ്

സ.ഉ.(സാ.ധാ) നം. 158/12/മതുവ. തീയതി, തിരുവനന്തപുരം, 24/2/2012

---

പരാമർശം. 1 പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ച 4/3/2009-ലെ 22/2/51 നമ്പർ കത്ത്

2. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് അസിസ്റ്റന്റ് എൻജിനീയർ, (കൊമേഴ്സ്യൽ) കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ച 25/4/2009-ലെ സിൽക്ക്/45/32.11/2009-10/561 നമ്പർ കത്ത്

3. 10/8/2011, 29/12/2011 തീയതികളിലെ ഫിഷറീസ് ഡയറക്ടറുടെ ഡി3/7778/07 നമ്പർ കത്തുകൾ.

## ഉത്തരവ്

കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ ഉപയോഗത്തിലുണ്ടായിരുന്ന കെ.എൽ-01-ഡി. 6055 നമ്പർ മഹീന്ദ്ര ജീപ്പ് റിപ്പയർ ചെയ്ത് ഉപയോഗിക്കുന്നത് സർക്കാരിന് സാമ്പത്തികമായി ഗുണകരമല്ലാത്തതിനാൽ കണ്ടം ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ശുപാർശ ചെയ്യുകയും, 18,000/- രൂപ (പതിനെണ്ണായിരം രൂപ മാത്രം) മതിപ്പുവിലയായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. മതിപ്പു വിലയ്ക്ക് ഈ വാഹനം ഏറ്റെടുക്കുന്നതിന് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് അസിസ്റ്റന്റ് എൻജിനീയർ (കൊമേർഷ്യൽ) പരാമർശം 2 പ്രകാരം താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ളതിനാൽ ടി വാഹനം മതിപ്പുവിലയായ 18,000/- രൂപയ്ക്ക് (പതിനെണ്ണായിരം രൂപ മാത്രം) സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന് വിറ്റൊഴിവാക്കുന്നതിന് അനുവാദം നൽകണമെന്ന് പരാമർശം 3 പ്രകാരം ഫിഷറീസ് ഡയറക്ടർ സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുകയുണ്ടായി. കൂടാതെ ഉപയോഗശൂന്യമായി കൊല്ലം ജില്ലാ കളക്ടറേറ്റ് വളപ്പിൽ സൂക്ഷിച്ചിരിക്കുന്ന വാഹനം അടിയന്തിരമായി മാറ്റണമെന്ന് കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വാഹനം വിൽക്കാൻ തടസ്സം നേരിട്ടാൽ മതിപ്പുവിലയിൽ കുറവു സംഭവിക്കാൻ ഇടയുണ്ടെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ ഉപയോഗത്തിലുണ്ടായിരുന്ന കെ.എൽ-01-ഡി. 6055 നമ്പർ മഹീന്ദ്ര ജീപ്പ് പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെയും, ഫിഷറീസ് ഡയറക്ടറുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ, വാഹനത്തിന്റെ മതിപ്പുവിലയായ 18000/- രൂപയിൽ (പതിനെണ്ണായിരം രൂപ മാത്രം) കുറയാത്ത തുകയ്ക്ക് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന് വിറ്റ് ഒഴിവാക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ. രാധാകൃഷ്ണൻ,
ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, മെക്കാനിക്കൽ
സബ്ഡിവിഷൻ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ). കേരളം, തിരുവനന്തപുരം.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
ധനകാര്യ വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ II, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്
ഡിപ്പാർട്ട്മെന്റ് (ഗവൺമെന്റ് വെബ്സൈറ്റിൽ അപ്ഡേറ്റു ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ